പുതിയ ശുദ്ധജലവിതരണ പദ്ധതികൾ

131 [237] ശ്രീ. സി. പി. മുഹമ്മദ്:

" വർക്കല കഹാർ:

" ടി. യു. രാധാകൃഷ്ണൻ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു;

(ബി) ഓരോന്നിന്റെയും മതിപ്പു ചെലവെത്ര;

(സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിപ്രകാരം എത്ര പേർക്ക് പ്രയോജനം കിട്ടും എന്ന് പറയാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ശുദ്ധജലവിതരണ പദ്ധതികളും 273 ഗ്രാമീണ സ്കൂളുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതികളും (പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്).† കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ.)-യുടെ കീഴിൽ ജലനിധി പദ്ധതിയുടെ ഭാഗമായി 785 ഗുണഭോക്തൃ സംഘങ്ങളും (ഓരോ ഗുണ ഭോക്തൃ സംഘവും ഓരോ ചെറുകിട കുടിവെള്ള പദ്ധതി നടപ്പാക്കാനുള്ളതാണ്.), ഭൂജലവകുപ്പ് കേരള വാട്ടർ അതോറിറ്റി, ത്രിതല പഞ്ചായത്തുകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ മുതലായവയ്ക്ക് 18 ട്യൂബ് വെല്ലുകളും 72 ബോർവെല്ലുകളും 80 ഫിൽറ്റർ പോയിന്റ് കിണറുകളും എം.പി.എൽ.എ.ഡി. പദ്ധതിയിൽ 50 ബോർ വെല്ലുകളും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ 7 കുഴൽകിണറുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളുടെ മതിപ്പ് ചെലവ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.† കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ജലനിധി പദ്ധതിയിൽ ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ ശരാശരി മതിപ്പു ചെലവ് 5.5 ലക്ഷം രൂപയാണ്.

ഭൂജലവകുപ്പിന്റെ കീഴിൽ ഗ്രൗണ്ടു വാട്ടർ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്ന് ഇതുവരെ 160 ലക്ഷം രൂപയും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ നിന്നും 2.763 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതികളും നടപ്പിലാക്കുമ്പോൾ മതിപ്പു ചെലവ് 90 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly